**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 44** **27-06-2022 - ൽ മറുപടിയ്ക്ക്**

**ആശ്രിത നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.വി.സുമേഷ്** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | സർക്കാർ സർവീസിലെ ആശ്രിത നിയമനത്തിന്റെ നടപടിക്രമങ്ങൾ വിശദമാക്കാമോ; നിയമനം നൽകുന്നതിന് കാലപരിധി ഉണ്ടോയെന്ന് വ്യക്തമാക്കാമോ? | (എ) | സംസ്ഥാന സർക്കാരിൽ ജോലി ചെയ്തുവരവെ മരണമടയുന്ന സർക്കാർ ജീവനക്കാരുടെ ആശ്രിതർക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം 24.05.1999 ലെ G.O.(P) No. 12/99/P&ARD ഉത്തരവിലെ വ്യവസ്ഥകളുടെയും, ഈ ഉത്തരവിന്റെയും അനുബന്ധ ഉത്തരവുകളുടെയും അടിസ്ഥാനത്തിലാണ് നിയമനം നൽകേണ്ടത്. ബന്ധപ്പെട്ട ഭരണ വകുപ്പുകളാണ് മേൽ പരാമർശിത ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ആശ്രിതനിയമന അപേക്ഷ പരിഗണിച്ച് നിയമനത്തിന് അനുമതി നൽകേണ്ടത്.<br><br>പ്രസ്തുത ഉത്തരവിലെ ഖണ്ഡിക 19 പ്രകാരം ആശ്രിത നിയമനത്തിനായി അപേക്ഷ സമർപ്പിക്കുന്നതിന് സമയ പരിധി നിശ്ചയിച്ചിട്ടുണ്ട്.<br><br>ആശ്രിത നിയമനത്തിനായുള്ള ഒഴിവുകൾ ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ നിയമനം നൽകുവാൻ കഴിയുകയുള്ളു എന്നതിനാൽ നിയമനം നൽകുന്നതിന് കാലപരിധി നിശ്ചയിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ